## തിരുവിതാംകൂർ ദേവസ്വം ബോർഡ്

"സ്വാമി ശരണം"

ഡിഎ.നം.339/24/B1

ദേവസ്വം അക്കൗണ്ട്സ് ആഫീസ്
തിരുവനന്തപുരം
തീയതി:13/12/2024

### സർക്കുലർ

വിഷയം:- ധനലക്ഷ്മി ബാങ്കിലെ നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ ഉറപ്പാക്കുന്നത് സംബന്ധിച്ച്.

സൂചന:-1) ധനലക്ഷ്മി ബാങ്ക് 16/11/2024-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയ്ക്ക് നൽകിയ കത്ത്.

2) ദേവസ്വം അക്കൗണ്ട്സ് ആഫീസർ തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയ്ക്ക് 20/11/2024-ൽ ഡിഎ.നം.339/24/B1 പ്രകാരം സമർപ്പിച്ച റിപ്പോർട്ട്.

3) തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി 07/12/2024-ൽ ആർ.ഒ.സി.1171/24/അക്കൗ നമ്പർ പ്രകാരം ദേവസ്വം അക്കൗണ്ട്സ് ആഫീസർക്ക് നൽകിയ ഉത്തരവ്.

ധനലക്ഷ്മി ബാങ്കിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് 1 കോടിയ്ക്ക് മുകളിലുള്ള സ്ഥിരനിക്ഷേപങ്ങൾ നടത്തുമ്പോൾ നോൺകോളബിൾ സ്കീമിൽ ഉൾപ്പെടുത്തി 1 വർഷത്തേയ്ക്ക് 7.65% പലിശ അനുവദിക്കുന്നതായി കാണിച്ച് ബോർഡിന് സൂചന (1) കത്ത് ലഭിച്ചു.

ധനലക്ഷ്മി ബാങ്കിന്റെ മേൽപ്പറഞ്ഞ കത്തിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ 1 കോടിയ്ക്ക് മുകളിലുള്ള എല്ലാ സ്ഥിരനിക്ഷേപങ്ങളും (പുതുക്കുകയോ പുതിയതായി നിക്ഷേപിക്കുകയോ ചെയ്യുമ്പോൾ) നോൺകോളബിൾ സ്കീമിൽ ഉൾപ്പെടുത്തി 1 വർഷത്തേയ്ക്ക് നിക്ഷേപിക്കാൻ നിർദ്ദേശം നൽകി ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കാണിച്ച് സൂചന (2) റിപ്പോർട്ട് സമർപ്പിച്ചു.

നിലവിൽ മേൽപ്പറഞ്ഞ രീതിയിൽ 1 കോടി രൂപയ്ക്ക് മുകളിലുള്ള സ്ഥിരനിക്ഷേപം നടത്തുമ്പോൾ 8% പലിശ നൽകണമെന്ന് ബോർഡ് ധനലക്ഷ്മി ബാങ്കിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും 7.65% പലിശ മാത്രമേ ധനലക്ഷ്മി ബാങ്ക് അനുവദിച്ചിട്ടുള്ളൂ.

ദേവസ്വം അക്കൗണ്ട്സ് ആഫീസർ സമർപ്പിച്ച സൂചന (2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള 1 കോടി

രൂപയ്ക്ക് മുകളിലുള്ള എല്ലാ സ്ഥിരനിക്ഷേപങ്ങളും (പുതുക്കുകയോ പുതിയതായി നിക്ഷേപിക്കുകയോ ചെയ്യുമ്പോൾ) നോൺകോളബിൾ സ്കീമിൽ ഉൾപ്പെടുത്തി 1 വർഷത്തേയ്ക്ക് നിക്ഷേപിക്കുന്നതിനുള്ള നിർദ്ദേശം പൊതു ഉത്തരവായി പുറപ്പെടുവിക്കാൻ ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തി സൂചന (3) ഉത്തരവ് ലഭിച്ചു.

*അതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്കൂൾ, കോളേജ് എന്നിവകളുടെ ഫണ്ടുകൾ, സർപ്ലസ് ഫണ്ട്, പി.ഡി ദേവസ്വങ്ങളുടെ ഫണ്ടുകൾ പെൻഷൻ, പ്രൊവിഡന്റ് ഫണ്ട് നിക്ഷേപങ്ങൾ, വിവിധ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ പേരിലുള്ള സ്ഥിരനിക്ഷേപങ്ങൾ തുടങ്ങിയ ധനലക്ഷ്മി ബാങ്കിൽ 1 കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ സ്ഥിരനിക്ഷേപങ്ങളും (പുതുക്കുകയോ പുതിയതായി നിക്ഷേപിക്കുകയോ ചെയ്യുമ്പോൾ) നോൺകോളബിൾ സ്കീമിൽ ഉൾപ്പെടുത്തി മേൽപ്പറഞ്ഞ രീതിയിൽ പരമാവധി പലിശ ലഭിക്കുന്നവിധം (7.65% ത്തിൽ കുറയാതെ) നിക്ഷേപിക്കേണ്ടതാണ്.*

*ഒരേദിവസം തന്നെ കാലാവധി പൂർത്തിയാകുന്ന സമാനശീർഷകങ്ങളിലുള്ള നിക്ഷേപ തുകകൾ സംയോജിപ്പിച്ച് 1 കോടിയ്ക്ക് മുകളിലാക്കി മാറ്റി നോൺകോളബിൾ സ്കീമിൽ തന്നെ സ്ഥിരനിക്ഷേപമാക്കി ഉയർന്ന പലിശ ഉറപ്പ് വരുത്തേണ്ടതാണ്.*

ധനലക്ഷ്മി ബാങ്കിലുള്ള 1 കോടിയ്ക്ക് മുകളിലുള്ള നിക്ഷേപങ്ങൾ നോൺകോളബിൾ ആക്കി മാറ്റാതെ പലിശ നഷ്ടം വരുത്തിയാൽ അത് നിക്ഷേപം നടത്തുന്ന ഉദ്യോഗസ്ഥൻമാരുടെ വ്യക്തിഗത ചുമതലയാക്കി മാറ്റുന്നതാണ്.

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്:-

1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖകത്ത് സഹിതം).
2) ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് ( ,, ).
3) ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് ( ,, ).
4) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
5) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
6) എല്ലാ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ
7) എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ
8) ഐ.റ്റി.ഡിവിഷൻ
9) സെക്ഷൻ ഫയൽ